# തുഷാർ ഗാന്ധി പ്രഭാഷണ പരമ്പര
## (2016 ജൂൺ 12-13, കേരളം)




മഹാത്മാ ഗാന്ധിയുടെ പ്രപൗത്രനും മഹാത്മാ ഗാന്ധി ഫൗണ്ടേഷൻ ചെയർമാനുമായ ശ്രീ തുഷാർ ഗാന്ധി കോട്ടയത്തും എറണാകുളത്തും പ്രഭാഷണം നടത്തുന്നു. 2016 ജൂൺ 12 മുതൽ 13 വരെയുള്ള ഈ പ്രഭാഷണ പരമ്പരയുടെ പ്രായോജകർ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫ്രെണ്ട്സ് ഓഫ് തിബത്താണ്.

2016 ജൂൺ 12ന് ശ്രീ തുഷാർ ഗാന്ധി ഫ്രെണ്ട്സ് ഓഫ് തിബത്ത് സൗഹൃദസംഘത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന "ഇന്ത്യൻ കാർട്ടൂണിസ്റ്റുകളുടെ തിബത്ത് കാർട്ടൂണുകൾ", "തിബത്ത് സ്വപ്നങ്ങൾ" എന്നീ പ്രദർശനങ്ങൾ ഉത്ഘാടനം ചെയ്യുകയും "ഗാന്ധിയൻ ദർശനം: ഇന്നേക്കുള്ള പാഠങ്ങൾ" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയും ചെയ്യും. ഈയവസരത്തിൽ ശ്രീ ഗാന്ധി തിബത്തൻ പ്രശ്നങ്ങളെ സമകാലിക ചിത്രകലയിലൂടെ അവതരിപ്പിച്ച കേരളത്തിലെ പ്രശസ്തനായ രാഷ്ട്രീയ കാർട്ടൂണിസ്റ്റ് ശ്രീ യേശുദാസൻ, സമകാലിക ചിത്രകാരന്മാരായ ശ്രീ ഫ്രാൻസിസ് കോടങ്കണ്ടത്ത്, ശ്രീ അലക്സാണ്ടർ ദേവസ്യ എന്നിവരെ ആദരിക്കും. ഇടപ്പള്ളിയിലെ കേരള ചരിത്ര മ്യൂസിയത്തിൽ മാധവൻ നായർ ഫൗണ്ടേഷനുമായി ചേർന്ന് വൈകിട്ട് 5.30ന് നടത്തപ്പെടുന്നു. ജൂൺ 12ന് രാവിലെ 9 മണി മുതൽ രാത്രി 8 മണി വരെയും ജൂൺ 14ന് രാവിലെ 9 മണി വരെയും വൈകിട്ട് 5 മണി വരെയും പ്രദർശനം സന്ദർശകർക്കായി തുറന്നിരിക്കും. പ്രവേശനം സൗജന്യം.

2016 ജൂൺ 13 തിങ്കളഴ്ച ഫ്രെണ്ട്സ് ഓഫ് തിബത്ത് എറണാകുളം സെന്റ് ആൽബർട്സ് കോളജും, കോട്ടയം സി. എം. എസ്. കോളജുമായി ചേർന്ന് "ഭാരതീയത, ദേശീയത" എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിക്കും. സെന്റ് ആൽബർട്സ് കോളജിലെ പ്രഭാഷണം രാവിലെ 9.30 മണിയ്ക്കും സി. എം. എസ്. കോളജിലെ പ്രഭാഷണം ഉച്ചയ്ക്ക് 2.30 മണിയ്ക്കും നടത്തപ്പെടും.

അതേ ദിവസം ശ്രീ തുഷാർ ഗാന്ധി "ഭാരതീയത, ദേശീയത" എന്ന വിഷയത്തിൽ ഡോ സുകുമാർ അഴിക്കോട് ട്രസ്റ്റിന്റെ പ്രഥമ സുകുമാർ അഴീക്കോട് ദേശീയ പ്രഭാഷണം നടത്തപ്പെട്ടുന്നതാണ്. കോട്ടയം ഗുഡ് ഷെപ്പേർഡ് റോഡിൽ ഡി.സി. കിഴക്കേമുറി ഇടത്തിൽ വച്ച് വൈകിട്ട് 4.30ന് നടത്തപ്പെടും. പ്രഭാഷണത്തിന് ശേഷം ഡോ. അഴീക്കോടിന്റെ പ്രശസ്ത ഗ്രന്ഥമായ "തത്വമസി"യുടെ ഇംഗ്ലീഷ് വിവർത്തനം ശ്രീ ഗാന്ധി പ്രകാശനം ചെയ്യുന്നതാണ്. ചടങ്ങിൽ ട്രസ്റ്റ് ചെയർമാൻ പദ്മഭൂഷൺ ജസ്റ്റിസ് കെ. ടി. തോമസ് അദ്ധ്യക്ഷത വഹിക്കും.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: **9400354354, 9061354354**
ഫാകസ്: **011.47615142** ഈമെയിൽ: **tushargandhitour2016@friendsoftibet.org**
വെബ്: **www.friendsoftibet.org**

---